ICPS 3/28865/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
SCPS, പൂജപ്പുര, തിരുവനന്തപുരം.
തീയതി : 11.10.2017

**സർക്കുലർ**

വിഷയം : സാ.നീ.വ - ഐ.സി.പി.എസ് സംസ്ഥാനതല സ്പോൺസർഷിപ്പ് പദ്ധതി - സംബന്ധിച്ച്.

സൂചന :
1. 20.07.2017 ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ICPS എക്സിക്യൂട്ടീവ് കമ്മിറ്റി & സ്റ്റേറ്റ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 1
2. ഈ ഓഫീസിലെ 25.08.2017 ലെ ICPS4(B)/8065/17(1) നമ്പർ ഉത്തരവ്

ഐ.സി.പി.എസ്. ഗൈഡ്‌ലൈൻ അനുസരിച്ചു കുട്ടികൾക്കുള്ള സ്പോൺസർഷിപ്പ് പരിപാടി കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ചു ജില്ലകളിൽ ഡി.സി.പി.യു. മുഖാന്തിരം നടപ്പിലാക്കിവരുന്നുണ്ട്. ധനസഹായത്തിന് അർഹരായ അപേക്ഷകരുടെ എണ്ണം വളരെ കൂടുതലാണ്. ഈസാഹചര്യത്തിൽ പൂർണ്ണമായും സംസ്ഥാന ഫണ്ട് ഉപയോഗപ്പെടുത്തി 1000 കുട്ടികൾക്ക് കൂടി സ്പോൺസർഷിപ്പ് നൽകുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനതല സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് മേൽ ഒന്നാം സൂചന പ്രകാരം തീരുമാനിക്കുകയും രണ്ടാം സൂചനപ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന സ്പോൺസർഷിപ്പ് ധനസഹായത്തിന് (Rehabilitative Sponsorship ഉം, Preventive Sponsorship ഉം ചേർത്ത് ) തെരെഞ്ഞെടുക്കപ്പെടേണ്ടവരുടെ പരമാവധി എണ്ണം താഴെക്കൊടുക്കുന്നു.

| നം | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 72 |
| 2 | കൊല്ലം | 72 |
| 3 | പത്തനംതിട്ട | 71 |
| 4 | ആലപ്പുഴ | 71 |
| 5 | കോട്ടയം | 71 |
| 6 | ഇടുക്കി | 71 |
| 7 | എറണാകുളം | 72 |
| 8 | തൃശ്ശൂർ | 72 |
| 9 | പാലക്കാട് | 71 |

| | | |
|---|---|---|
| 10 | മലപ്പുറം | 71 |
| 11 | കോഴിക്കോട് | 72 |
| 12 | വയനാട് | 71 |
| 13 | കണ്ണൂർ | 72 |
| 14 | കാസർഗോഡ് | 71 |
| | ആകെ | 1000 |

സംസ്ഥാനതല സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ചെലവുകൾ പൂർണ്ണമായും സംസ്ഥാന ഫണ്ടിൽ നിന്നുമാണ് വഹിയ്ക്കുന്നത്. കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടത്തുന്ന സ്പോൺസർഷിപ്പ് പ്രോഗ്രാമിന്റെ മാനദണ്ഡങ്ങൾ സംസ്ഥാനതല സ്പോൺസർഷിപ്പിനും ബാധകമാണ്. സംസ്ഥാനതല സ്പോൺസർഷിപ്പ് പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ രേഖ ഉള്ളടക്കം ചെയ്യുന്നു.ഈ പരിപാടി സത്വരമായി നടപ്പിലാക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

- എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്കും
- എല്ലാ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും

പകർപ്പ്.

1. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. ICPS 4 A
3. ICPS 2
4. സ്റ്റോക്ക് ഫയൽ

# സ്റ്റേറ്റ് സ്പോൺസർഷിപ്പ് പരിപാടി

## പരിപാടി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

വിഷമകരമായ സാഹചര്യങ്ങളിൽ ജീവിയ്ക്കുന്ന കുട്ടികളുടെ ആരോഗ്യ വിദ്യാഭ്യാസ വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിന് കുടുംബങ്ങൾക്ക് പൂരകമായ പിൻതുണ ലഭ്യമാക്കുകയാണ് സ്പോൺസർഷിപ്പ് പരിപാടിയിലൂടെ ഉദ്ദേശിയ്ക്കുന്നത്. വിഷമാവസ്ഥയിൽപ്പെട്ട കുട്ടിയെ ഏതെങ്കിലും ചൈൽഡ് കെയർ സ്ഥാപനത്തിൽ സംരക്ഷണത്തിനായി പ്രവേശിപ്പിച്ചിരുന്നാലും അവരെ കുടുംബങ്ങളിലേയ്ക്ക് തിരിച്ച് കൊണ്ടുവരാൻ സാധിയ്ക്കണം. അങ്ങനെ സ്ഥാപനങ്ങളിൽ നിന്നും കുടുംബത്തിലേയ്ക്ക് തിരികെ എത്തുന്ന കുട്ടികൾക്കും സ്വന്തം ഭവനങ്ങളിൽ വിഷമതകൾ അനുഭവിച്ച് വളരുന്ന കുട്ടികൾക്കും സ്പോൺസർഷിപ്പ് പരിപാടിയുടെ പ്രയോജനം ലഭിയ്ക്കും.

2015 ലെ ജുവനൈൽ ജസ്റ്റീസ് ആക്ട് വകുപ്പ് 2 (58) ൽ സ്പോൺസർഷിപ്പിനെ നിർവ്വചിയ്ക്കുകയും വകുപ്പ് 45 ൽ ഇതിനെക്കുറിച്ച് വിശദീകരിയ്ക്കുകയും ചെയ്യുന്നുണ്ട്. 2016 ലെ ജുവനൈൽ ജസ്റ്റീസ് മോഡൽ റൂൾസിലെ ചട്ടം 24 ൽ സംസ്ഥാനസർക്കാരുകൾ സ്പോൺസർഷിപ്പ് പദ്ധതി ആവിഷ്കരിയ്ക്കണമെന്നും ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ മുഖാന്തരം അത് നടപ്പാക്കണമെന്നും നിഷ്കർഷിയ്ക്കുന്നു.

2017- 2018 സാമ്പത്തിക വർഷത്തിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയ്ക്കു വേണ്ടി അനുവദിച്ച സ്റ്റേറ്റ് ഫണ്ട് വിനിയോഗിച്ച് സംസ്ഥാന സ്പോൺസർഷിപ്പ് പരിപാടി നടപ്പിലാക്കുവാൻ 20.07.2017 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകുകയും ഫണ്ട് അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് സ്പോൺസർഷിപ്പ് പരിപാടിയുടെ 100% ചെലവും സംസ്ഥാന സർക്കാർ തന്നെയാണ് വഹിയ്ക്കുന്നത്. ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ മുഖാന്തരം ഈ പരിപാടി ഉടനടി നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഇതിലേയ്ക്കായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

## മാർഗ്ഗനിർദ്ദേശങ്ങൾ

1. 18 വയസ് വരെ പ്രായമുള്ള വിഷമകരമായ സാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ
2. Rehabilitative Sponsorship, Preventive Sponsorship എന്നീ രണ്ട് തരത്തിൽപ്പെട്ട സ്പോൺസർഷിപ്പ് പരിപാടികളും സ്റ്റേറ്റ് സ്പോൺസർഷിപ്പ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
3. ആറ് മാസം തുടർച്ചയായി ഏതെങ്കിലും ചൈൽഡ് കെയർ സ്ഥാപനങ്ങളിൽ സംരക്ഷിയ്ക്കപ്പെട്ട കുട്ടികളെ Rehabilitative Sponsorship പരിപാടിയ്ക്ക് വേണ്ടി പരിഗണിയ്ക്കാം.
4. വിഷമകരമായ സാഹചര്യങ്ങളിൽ കുടുംബങ്ങളിൽ കഴിയുന്ന കുട്ടികൾക്കു ശരിയായ ശ്രദ്ധയും സംരക്ഷണവും നല്കുന്നതിന് കുടുംബങ്ങളെ പ്രാപ്തരാക്കുന്നതിന് Preventive Sponsorship അനുവദിയ്ക്കാവുന്നതാണ്.
5. ഒരു കുട്ടിയ്ക്ക് ഒരു മാസം 2000/ രൂപ എന്ന നിരക്കിലാണ്. സംസ്ഥാന സ്പോൺസർഷിപ്പ് പരിപാടി പ്രകാരം ധനസഹായം അനുവദിയ്ക്കുന്നത്.
6. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും വിധത്തിലുള്ള സ്കോളർഷിപ്പോ മറ്റു ധനസഹായമോ ക്രമമായി കിട്ടി കൊണ്ടിരിയ്ക്കുന്ന കുട്ടികൾക്ക് സ്റ്റേറ്റ് സ്പോൺസർഷിപ്പ് പരിപാടിപ്രകാരം ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

7. സ്പോൺസർഷിപ്പ് പരിപാടി പ്രകാരം ധനസഹായം ലഭിയ്ക്കുന്നതിന് കുടുംബത്തിന്റെ വാർഷിക വരുമാനം താഴെപറയുന്ന പരിധി കവിയാൻ പാടില്ല:-

   a. നഗരപ്രദേശങ്ങളിൽ 30,000/രൂപ

   b. ഗ്രാമ പ്രദേശങ്ങളിൽ 24,000/രൂപ

8. സ്പോൺസർഷിപ്പ് പരിപാടി പ്രകാരമുള്ള ധനസഹായം ബാങ്ക് മുഖാന്തരം മാത്രമേ നൽകാൻ പാടുള്ളു. ഇതിലേയ്ക്ക് കുട്ടിയുടേയും രക്ഷിതാവിന്റേയും പേരിൽ ഒരു ജോയിന്റ് ബാങ്ക് അക്കൗണ്ട് ആരംഭിയ്ക്കേണ്ടതാണ്. കഴിവതും കുട്ടിയുടേയും അമ്മയുടേയും പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതാണ് അഭികാമ്യം.

9. ഡി.സി.പി.യു.വിൽ നിന്നും കുട്ടിയുടേയും രക്ഷിതാവിന്റേയും പേരിലുള്ള ജോയിന്റ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് സ്പോൺസർഷിപ്പ് പ്രകാരമുള്ള ധനസഹായതുക നിക്ഷേപിയ്ക്കേണ്ടതാണ്.

10. സ്പോൺസർഷിപ്പ് ആന്റ് ഫോസ്റ്റർ കെയർ അപ്രൂവൽ കമ്മിറ്റിയാണ് സ്റ്റേറ്റ് സ്പോൺസർഷിപ്പ് പരിപാടി പ്രകാരമുള്ള ധനസഹായം അനുവദിയ്ക്കേണ്ടത്.

11. സ്പോൺസർഷിപ്പ് ധനസഹായം എത്രകാലത്തേയ്ക്ക് അനുവദിയ്ക്കണമെന്ന കാര്യം സ്പോൺസർഷിപ്പ് ആന്റ് ഫോസ്റ്റർ കെയർ അപ്രൂവൽ കമ്മിറ്റിയ്ക്ക് തീരുമാനിയ്ക്കാം. ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിലല്ലാതെ, മൂന്നു വർഷത്തിൽ കൂടുതൽ കാലത്തേയ്ക്ക് സ്പോൺസർഷിപ്പ് ധനസഹായം അനുവദിയ്ക്കുവാൻ പാടില്ല.

12. ഒരു കുടുംബത്തിൽ രണ്ടു കുട്ടികൾക്കു മാത്രമേ സ്പോൺസർഷിപ്പ് സപ്പോർട്ട് നൽക്കുവാൻ പാടുള്ളു.

13. സ്പോൺസർഷിപ്പ് ധനസഹായം അനുവദിച്ചു കഴിഞ്ഞതിനു ശേഷം ഡി.സി.പി.ഒ. യോ ഡി.സി.പി.യു. വിലെ മറ്റു ഉദ്യോഗസ്ഥരോ ധനസഹായം ലഭിയ്ക്കുന്ന കുട്ടികളുടെ ഭവനങ്ങളും സ്കൂളുകളും സന്ദർശിച്ചു സ്പോൺസർഷിപ്പ് മുഖാന്തരം ലഭിയ്ക്കുന്ന സഹായങ്ങൾ യഥാവിധി പ്രയോജനപ്പെടുത്തുണ്ടെന്ന് ഉറപ്പാക്കണം. മൂന്നു മാസത്തിലൊരിക്കലെങ്കിലും ഡി.സി.പി.യു. അധികൃതർ കുട്ടിയുടെ വീടും സ്കൂളും സന്ദർശിച്ചിരിയ്ക്കണം.

14. സ്പോൺസർഷിപ്പ് സഹായം ലഭിയ്ക്കുന്ന കുട്ടികൾക്കും മറ്റ് ആവശ്യമുള്ള സന്ദർഭങ്ങളിലും നിശ്ചിത ഇടവേളകളിലും കൗൺസിലിംഗ് സേവനകൾ നൽകണം.

15. കുട്ടിയെ സംരക്ഷണത്തിനായി ഏതെങ്കിലും ചൈൽഡ് കെയർ സ്ഥാപനങ്ങളിൽ പ്രവേശിപ്പിച്ചാൽ സ്പോൺസർഷിപ്പ് ധനസഹായം നിർത്തലാക്കുന്നത്.

16. സ്പോൺസർഷിപ്പ് സഹായം ലഭിച്ചു കൊണ്ടിരിയ്ക്കുന്ന കുട്ടി സ്കൂളുകളിൽ ഹാജരാകാത്ത സാഹചര്യം ഉണ്ടായാൽ ധനസഹായം നിർത്തലാക്കേണ്ടതാണ്. വിദ്യാർത്ഥിയായ കുട്ടിയ്ക്ക് ആ സ്ഥാപന മേധാവിയുടെ സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ സ്പോൺസർഷിപ്പ് ധനസഹായം നൽകാൻ പാടുള്ളു.

17. ധനസഹായമായി ലഭിയ്ക്കുന്ന തുക ഒരു കാരണവശാലും ദുർവിനിയോഗം ചെയ്യാൻ അനുവദിയ്ക്കരുത്. ധനസഹായത്തുക ദുർവിനിയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് നിർത്തൽ ചെയ്യാവുന്നതാണ്.

18. പരിപാടി നടപ്പാക്കുന്നതിന് കേന്ദ്രസഹായത്തോടെയുള്ള സ്പോൺസർഷിപ്പ് പരിപാടിയുടെ മാനദണ്ഠങ്ങൾ ഇതിനും സ്വീകരിയ്ക്കണം.

19. സ്റ്റേറ്റ് സ്പോൺസർഷിപ്പ് പരിപാടി സംബന്ധിച്ച പ്രത്യേകം കണക്കുകൾ സൂക്ഷിയ്ക്കണം. കേന്ദ്രസഹായത്തോടെയുള്ള സ്പോൺസർഷിപ്പ് പരിപാടികളുടെ കണക്കുകളുമായി കൂടികലരാതിരിയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിയ്ക്കണം.

## സ്റ്റേറ്റ് സ്പോൺസർഷിപ്പ് പരിപാടി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ

### Rehabilitative Sponsorship

സ്ഥാപനങ്ങളിലുള്ള കുട്ടികൾക്ക് സ്പോൺസർഷിപ്പ് പരിപാടിയിലൂടെ ധനസഹായം നല്കി അവരുടെ കുടുംബങ്ങളിലേയ്ക്ക് പുനരധിവസിപ്പിയ്ക്കും. ഇതിനു സാദ്ധ്യതയുള്ള കുട്ടികളെ സ്ഥാപന സൂപ്രണ്ട് കണ്ടു പിടിയ്ക്കണം.

1. ഭവനസന്ദർശനത്തിന്റെയും കുട്ടി, രക്ഷിതാക്കൾ എന്നിവരുമായി നടത്തുന്ന കൂടി കാഴ്ചയുടെയുടേയും അടിസ്ഥാനത്തിൽ വ്യക്തിഗത ശ്രദ്ധാപദ്ധതി തയ്യാറാക്കണം.
2. വ്യക്തിഗത ശ്രദ്ധാ പദ്ധതിയുടെ അടിസ്ഥാനത്തിലായിരിക്കണം കുട്ടി സ്പോൺസർഷിപ്പ് പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹനാണോയെന്ന് നിശ്ചയിക്കുന്നത്.
3. പ്രൊട്ടക്ഷൻ ഓഫീസർ (IC) കുട്ടിയുടെ ഭവനസന്ദർശനം നടത്തിയതിനു ശേഷം നിശ്ചിത ഫോർമാറ്റിൽ ഭവനസന്ദർശന റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. പ്രസ്തുത ഭവനസന്ദർശന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്പോൺസർഷിപ്പ് പദ്ധതിയ്ക്ക് അർഹരായ കുട്ടികളുടെ വിവരങ്ങൾ തുടർനടപടികൾക്കായി പ്രൊട്ടക്ഷൻ ഓഫീസർ (NIC) യ്ക്ക് കൈമാറേണ്ടതാണ്.
4. പ്രൊട്ടക്ഷൻ ഓഫീസർ (IC) കൈമാറുന്ന രേഖകൾ പ്രൊട്ടക്ഷൻ ഓഫീസർ (NIC) ക്രോഡീകരിയ്ക്കുകയും സ്പോൺസർഷിപ്പ് ഫോസ്റ്റർ അപ്പ്രൂവൽ കമ്മിറ്റി മുൻപാകെ സമർപ്പിയ്ക്കുകയും ചെയ്യേണ്ടതാണ്.

### Preventive Sponsorship

സോഷ്യൽ വർക്കർമാരുടേയും ഔട്ട് റീച്ച് വർക്കർമാരുടേയും വോളണ്ടിയർമാരുടേയും വില്ലേജ് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടേയും സഹായത്തോടെ സ്പോൺസർഷിപ്പ് ധനസഹായം ആവശ്യമുള്ള വിഷമ സാഹചര്യങ്ങളിൽ ജീവിയ്ക്കുന്ന കുടുംബങ്ങളേയും കുട്ടികളേയും ഡി.സി.പി.ഒ കണ്ടു പിടിയ്ക്കണം.

വിഷമകരമായ സാഹചര്യത്തിൽ ജീവിയ്ക്കുന്ന Preventive Sponsorship ന് അർഹതയുള്ള കുട്ടികളുടെ ഭവനസന്ദർശനറിപ്പോർട്ടും വ്യക്തിഗത ശ്രദ്ധാപദ്ധതിയും പ്രൊട്ടക്ഷൻ ഓഫീസർ (NIC) തയ്യാറാക്കണം.

Preventive Sponsorship ന് അർഹതയുള്ള കുട്ടികളെ സംബന്ധിച്ച എല്ലാ രേഖകളും ക്രോഡീകരിയ്ക്കുകയും സ്പോൺസർഷിപ്പ് ഫോസ്റ്റർ അപ്പ്രൂവൽ കമ്മിറ്റി മുൻപാകെ സമർപ്പിയ്ക്കുകയും ചെയ്യേണ്ട ഉത്തരവദിത്വം പ്രൊട്ടക്ഷൻ ഓഫീസർ (NIC) യ്ക്ക് ആണ്.

സ്പോൺസർഷിപ്പ് ഫോസ്റ്റർ അപ്പ്രൂവൽ കമ്മിറ്റി അംഗീകരിയ്ക്കുന്ന അപേക്ഷകൾ മാത്രമേ സ്പോൺസർഷിപ്പ് ധനസഹായത്തിനായി പരിഗണിയ്ക്കേണ്ടതുള്ളു.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി